# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം . 885

08.01.2014 ലെ
മറുപടിയ്ക്ക്.

## ജലവിഭവ വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. നാരായണൻ | | ശ്രീ. പി.ജെ. ജോസഫ് (ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കാമോ ; | (എ) | ജലസേചന വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ ( ജലസേചനവും ഭരണവും) കീഴിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃർത്തികൾക്കു വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 274.71 കോടി രൂപയാണ്.<br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ടെണ്ടർ ചെയ്തു നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 6117.70 കോടി രൂപയും , ചീഫ് എഞ്ചിനീയർ ( പദ്ധതി വിഭാഗം-2) ന്റെ കീഴിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 276.48 കോടി രൂപയും, ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-1)ന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ മൊത്തം ചെലവ് 55.06 കോടി രൂപയും ആണ്.<br>ഭൂജല വകുപ്പിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതുമായ പ്രവൃത്തികളുടെ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 12,11,78,605/ രൂപയാണ്. |
| (ബി) | കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ ഇനിയും പാസ്സാക്കി | (ബി) | ജലവിഭവ വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ ( ജലസേചനവും ഭരണവും) കീഴിൽ 2013 ഡിസംബർ 31 -ലെ കണക്കുകൾ അനുസരിച്ച് |

| | | | |
|---|---|---|---|
| | കൊടുത്തിട്ടില്ലാത്തവ ആകെ എന്ത് തുകയുടേതാണ് ; | | 95.04 കോടി രൂപയും, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 87.31 കോടി രൂപയും , ചീഫ് എഞ്ചിനീയർ ( പദ്ധതി വിഭാഗം-2) ന്റെ കീഴിൽ 35.36 കോടി രൂപയും നൽകാനുണ്ട്. ചീഫ് എഞ്ചിനീയർ ( പദ്ധതി വിഭാഗം -1) ന്റെ കീഴിൽ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ 24.60 കോടി രൂപ ഇനിയും പാസ്സാക്കി കൊടുക്കാനുണ്ട്.<br>ഭൂജല വകുപ്പിൽ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ 82,52,275/- രൂപ കൊടുത്തു തീർക്കാനുണ്ട്. |
| (സി) | ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണ്; | (സി) | ജല വിഭവ വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ ( ജലസേചനവും ഭരണവും) കീഴിൽ ടെണ്ടർ ചെയ്തു നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃർത്തികൾക്കു വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 274.71 കോടി രൂപയാണ്. കേരള ജല അതോറിറ്റിയുടെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃർത്തികൾക്ക് വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക 3857.24 കോടി രൂപയും, ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-2) ന്റെ കീഴിൽ 182.04 കോടി രൂപയും ചീഫ് എഞ്ചിനീയർ ( പദ്ധതി വിഭാഗം - 1 ) ന്റെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃർത്തികൾ പൂർത്തീകരിക്കുന്നതിനു പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 38.14 കോടി രൂപയും ആണ്.<br>ഭൂജല വകുപ്പിൽ പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് 5.20 കോടി രൂപയാണ്. |
| (ഡി) | നിർമ്മാണത്തിലിരിക്കുന്നതും നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക എത്രയാണ്; ഇതിനായി നടപ്പു ബഡ്ജറ്റിൽ എന്ത് തുക | (ഡി) | ജല വിഭവ വകുപ്പിൽ ചീഫ് എഞ്ചിനീയറുടെ ( ജലസേചനവും ഭരണവും) കീഴിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃർത്തികൾക്ക് വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 274.71 കോടി രൂപയാണ്. ഇതിനായി ബഡ്ജറ്റിൽ 329.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 31.10.2013 വരെയുള്ള കാലയളവിൽ 133.72 കോടി രൂപ ചെലവായിട്ടുണ്ട്.<br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം |

വകയിരുത്തിയിട്ടുണ്ട്;
അതിൽ നിന്നും നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട്;
വിശദമാക്കുമോ ?

പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക 6834.458 കോടി രൂപയാണ്. ഇതിനായി നടപ്പു ബഡ്ജറ്റിൽ മൊത്തം 653.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നവംബർ മാസം വരെ 289.94 കോടി രൂപ ചെലവായിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ ( പദ്ധതി വിഭാഗം-2) ന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 254.84 കോടി രൂപയും ഇതിനായി നടപ്പു ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 103.53 കോടി രൂപയും, അതിൽ നിന്നും നാളിതു വരെ ചെലവാക്കിയത് 70.28 കോടി രൂപയുമാണ്.

ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം -1) ന്റെ കീഴിൽ നിർമ്മാണത്തിലിരിക്കുന്നതും, നിർമ്മാണം പൂർത്തിയാക്കിയതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് വേണ്ടി വരുമെന്ന് കണക്കാക്കപ്പെടുന്ന മൊത്തം തുക 324.73 കോടി രൂപയും, ഇതിനായി നടപ്പു ബഡ്ജറ്റിൽ വകയിരുത്തിയ തുക 33.02 കോടി രൂപയും. നാളിതു വരെ ചെലവായ തുക 5.62 കോടി രൂപയും ആണ്.

ഭൂജല വകുപ്പിൽ ടെണ്ടർ ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു വരുന്നതും, ഭരണാനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾക്കു വേണ്ടി വരുമെന്നു കണക്കാക്കപ്പെടുന്ന മൊത്തം തുക 5.20 കോടി രൂപയാണ്. ഇതിനായി നടപ്പു ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നാളിതുവരെ വിവിധ ജില്ലകൾക്കായി 3.18 കോടി രൂപ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ